(ബി) ഇക്കാലത്ത് അനധികൃത തടിവെട്ട് നടന്നിട്ടില്ലെന്ന അവകാശ വാദത്തിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്ന് പറയുമോ;

(സി) മുൻമന്ത്രിമാർക്കെതിരെ വനം മാഫിയ പ്രവർത്തിച്ചിരുന്നതായി ഗവണ്മെന്റിന് എന്തെങ്കിലും തെളിവ് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇതേപ്പറ്റി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 2226 കേസ്സുകൾ ബുക്കു ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**105 (1146) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാർ എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര ഗവ ണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങളോട് കേന്ദ്ര ഗവണ്മെന്റിന്റെ സമീ പനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവണ്മെന്റ് സമർപ്പിച്ച എന്തെല്ലാം പ്രശ്നങ്ങൾക്ക് ഇതിനകം പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖല നേരിടുന്ന മുഖ്യമായ പ്രതിസന്ധി വിലത കർച്ചയിലുപരി വിലയിലുണ്ടാകുന്ന അസ്ഥിരതയും ഉല്പാദനചെലവിലുണ്ടാ കുന്ന വർദ്ധനവുമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെപറ യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(1) രാസവളം, വിത്ത് എന്നിവ സബ്സിഡി നൽകി വിതരണം ചെയ്യുന്നു.

(2) ഫാം മെക്കനൈസേഷൻ പ്രോത്സാഹിപ്പിക്കുകയും അതിന് ധനസഹായം നൽകുകയും ചെയ്യുന്നു. ട്രില്ലർ തുടങ്ങിയവ നൂറു ശതമാനം സബ്സിഡിയോടെ പാടശേഖരങ്ങൾക്കും മറ്റും നൽകുന്നു.

(3) നെൽകൃഷിക്ക് ഉല്പാദനബോണസ് വർദ്ധിപ്പിച്ചു. ഇനിയും വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) ചെറുകിട നാമമാത്ര കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

(5) മാർക്കറ്റിൽ ഇടപെട്ട് വിലസ്ഥിരത നിലനിർത്താനുള്ള പദ്ധതി പ്രകാരം, കൊയ്ത്തുകാലത്ത് നെല്ലിലുണ്ടാകുന്ന വിലയിടിവ് തടയുന്നതി നായി സഹകരണസംഘങ്ങൾ വഴി കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭ രണം നടത്തിവരുന്നു. പാഡിബോർഡ് രൂപീകരണം, സീഡ് അതോറിറ്റി രൂപീ കരണം എന്നിവ അന്തിമഘട്ടത്തിലാണ്.

(6) റബ്ബറിന്റെ വിലയിടിവ് തടയുന്നതിനുവേണ്ടി ഈ സീസണിൽ 50,000 മെ. ടൺ റബ്ബർ മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം നൽകി സംഭരിക്കുവാൻ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ റബ്കോ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭരിക്കുന്ന റബ്ബർ വിദേശ ത്തേയ്ക്ക് കയറ്റി അയയ്ക്കാനും, കയറ്റി അയയ്ക്കുമ്പോൾ നഷ്ടം ഉണ്ടാ യാൽ ആയത് സർക്കാർ വഹിക്കുന്നതുമാണ്. തെങ്ങിന് മാരകമായി നാശം ചെയ്തു കൊണ്ടിരിക്കുന്ന മണ്ടരി എന്ന കീടത്തെ നിയന്ത്രിക്കുന്നതിനും കേര കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മണ്ടരിയെ നിയന്ത്രിക്കുന്നതിന് വ്യാപകമായ മരുന്നുതളി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രായോഗികവും അനുഭാവപൂർവ്വവുമായ സമീപനം ഉണ്ടായിട്ടില്ല.

(ഡി) സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രശ്നങ്ങളുടെമേൽ യാതൊരു പരിഹാരവും ഇതുവരെ കേന്ദ്രഗവണ്മെന്റിൽ നിന്ന് ലഭിച്ചിട്ടില്ല. സമർപ്പിച്ച പദ്ധതികൾ :

(1) കശുമാവ് കൃഷി വികസനത്തിനായി 107.105 കോടി രൂപയുടെ പദ്ധതി.

(2) നാളികേര കൃഷി വികസനത്തിനായി 2303.4 കോടി രൂപയുടെ പദ്ധതി.

(3) മണ്ടരി നിയന്ത്രണത്തിനായി സമർപ്പിച്ച 100 കോടി രൂപയുടെ പദ്ധതി.

(4) പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വേണ്ടി ശീതീ കരണികൾ സ്ഥാപിക്കുന്നതിനുള്ള 13.584 കോടി രൂപയുടെ പദ്ധതി.

(5) നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനുവേണ്ടി കൊപ്രയുടെ താങ്ങുവില നിശ്ചയിക്കാനുള്ള പദ്ധതി. മിൽ കൊപ്രയ്ക്ക് ക്വിന്റ ലിന് 4100 രൂപയും ഉണ്ട കൊപ്രയ്ക്ക് 4300 രൂപയും ആയി എം.എസ്.പി. പുതുക്കി നിശ്ചയിക്കണമെന്ന് സമ്മർദ്ദം ചെലുത്തി വരുന്നു.

**106 (1148) കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി**

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly